**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 321 24.02.16-ലെ മറുപടിക്ക്**

**"ചെക്ക്പോസ്റ്റുകളിൽ പരിശോധന കാര്യക്ഷമമാക്കാൻ കർമ്മ പദ്ധതി"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. കെ.മുരളീധരൻ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | വാണിജ്യ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ പരിശോധന കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്തെ 50 ചെക്ക്പോസ്റ്റുകളിൽ ഇ-ഡിക്ളറേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അമരവിള ചെക്ക്പോസ്റ്റ് സംയോജിത ചെക്ക് പോസ്റ്റാക്കി മാറ്റിയിട്ടുണ്ട്. വാളയാർ, മഞ്ചേശ്വരം, മുത്തങ്ങ തുടങ്ങിയ ചെക്ക് പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകൾ ആക്കി മാറ്റാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകളിലൂടെ കടന്നുവരുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം തുടർ പരിശോധനകൾ നടത്താറുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | ഇ-ഡിക്ളറേഷൻ നടപ്പാക്കിയതിലൂടെ വാഹന പരിശോധന സുഗമമാക്കുന്നതിനും ബില്ലുകൾ പരിശോധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്താൻ എടുത്തിരുന്ന കാലതാമസം ഒഴിവാക്കുന്നതിനും സാധിക്കുന്നു. ഇപ്രകാരം സംസ്ഥാനത്തിനകത്തേക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ആട്ടോമാറ്റിക്കായി ഡീലർമാരുടെ ഫോൾഡറിൽ വരുമെന്നതിനാൽ നികുതി നിർണ്ണയ അധികാരിക്ക് വ്യാപാരി ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കുന്നതിനും അതുവഴി നികുതി വെട്ടിപ്പ് തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം പ്രധാന ചെക്ക് പോസ്റ്റുകളിൽ നടപ്പിലാക്കി പരിശോധന കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്ന കാര്യം ധനകാര്യ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു കമ്മിറ്റി പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ആഫീസർ.**